(ബി) ഇതിൽ എത്ര സംഖ്യ ചെലവാക്കി;

(സി) പണി എത്രകണ്ട് പുരോഗമിച്ചു ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) 9,000 രൂപാ.

(ബി) മുഴുവൻ ചെലവാക്കിയിട്ടില്ല.

(സി) മൈൻ സപ്പ് പൂർത്തിയായി, ജോലി തുടർന്ന് നടക്കുന്നതാണ്. (ഈ സാമ്പത്തികവർഷത്തിൽതന്നെ ജോലി പൂർത്തിയാക്കപ്പെടും.)

കടലാക്രമണം

*ഫ 000. (ചോ ർ) ശ്രീ. ജോസഫ് മാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ചേർത്തല താലൂക്കിൽ പള്ളിത്തോട് പ്രദേശത്ത് കടലാക്രമണമുണ്ടായതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവിടെ ഗ്രോയിൻ കെട്ടുന്നതിനു് എന്തെങ്കിലും നടപടി ഇതിനകം എടുത്തിട്ടുണ്ടോ;

(സി) ഇക്കൊല്ലംതന്നെ ഗ്രോയിൻ കെട്ടാത്തപക്ഷം ആ പ്രദേശം കടലാക്രമണംമൂലം അടുത്ത ഏതാനും കൊല്ലങ്ങൾകൊണ്ട് പാടെ നശിച്ചുപോകുമെന്ന ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ടോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) ഉണ്ട്.

(ബി) അതിനെ സംബന്ധിച്ചു നടപടികൾ എടുത്തുവരുന്നുണ്ട്.

(സി) അറിയിച്ചിട്ടുണ്ട്.

ശ്രീ. പൌലോസ് പൈലി: വടക്കൻ താലൂക്കിലല്ലാതെ രാജ്യത്തിന്റെ മറ്റു പല ഭാഗങ്ങളിലും കടലാക്രമണം ഉണ്ടായതിനു് ഗവൺമെൻറ് എന്തെങ്കിലും പ്രതിവിധി ചെയ്യുകയുണ്ടായോ ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അപ്രകാരം ചെയ്യുന്നതിനു എന്തെങ്കിലും സ്കീം ഉണ്ടോ എന്നു് ഇപ്പോൾ പറയുവാൻ സാധ്യമല്ല.

മത്സ്യത്തൊഴിലാളികൾക്ക് തുൽവിതരണം

*ഫ 001. (ചോ ർ) ശ്രീ. ജോസഫ് മാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട കൃഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തീരപ്രദേശത്തുള്ള മത്സ്യത്തൊഴിലാളികൾക്ക് ആവശ്യത്തിനുവേണ്ടിടത്തോളം തുൽ ഇന്നു ലഭിക്കുന്നില്ലെന്നുള്ള വിവരം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെന്തു നടപടിയാണു് സ്വീകരിച്ചിട്ടുള്ളതു് ?

ധനകാര്യവും കൃഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) ഉണ്ട്.

(ബി) മത്സ്യവ്യവസായികൾക്ക് ആവശ്യത്തിനു് തുൽ കൂടുതൽ തരുന്നതിനു് ബാംബെ ടെക്സ്റ്റയിൽ കമ്മീഷണർക്ക് നിവേദനങ്ങൾ നടത്തിയിട്ടുണ്ട്. അവയ്ക്കു മറുപടി പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ജോസഫ് മാത്തൻ: മത്സ്യവ്യവസായികൾക്കു തുൽ വിതരണം നടത്തുന്നതു് ഫിഷറി ഡിപ്പാർട്ട്മെണ്ടുവഴിയാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. കോര: അല്ല.

ശ്രീ. ജോസഫ് മാത്തൻ : പിന്നെ ഏതു ഡിപ്പാർട്ട്മെണ്ടുവഴിയാണ് വിതരണം നടത്തുന്നത് ?

ശ്രീ. കെ. എം. കോര : ടെക്സ്റ്റയിൽ ഡിപ്പാർട്ട്മെണ്ടു് വഴിയാണ്.

ശ്രീ. ജോസഫ് മാത്തൻ : ടെക്സ്റ്റയിൽ ഡിപ്പാർട്ട്മെണ്ടുവഴി നൂൽവിതരണം തുടങ്ങിയിട്ട് ഇതുവരെ മത്സ്യവ്യവസായികൾക്കു നൂൽ കിട്ടിയിട്ടില്ലെന്നറിയാമോ ?

ശ്രീ. കെ. എം. കോര : അങ്ങിനെ ഇതുവരെ അനുഭവപ്പെട്ടിട്ടില്ല. അങ്ങിനെ വല്ലതും ഉണ്ടെങ്കിൽ ഗവൺമെൻറിൻെറ ശ്രദ്ധയിൽപെടുത്തിയാൽ പരിഹാരമുണ്ടാക്കാം.

ശ്രീ. ഈപ്പൻ അറക്കൽ : തീരപ്രദേശങ്ങളിലെ മത്സ്യവ്യവസായികൾക്കു നൂൽ കൊടുക്കുന്നതിനു് ഫിഷറി സൂപ്രണ്ടിനെ അധികാരപ്പെടുത്തിയിരുന്നുവെന്നറിയാമോ ?

ശ്രീ. കെ. എം. കോര : ഇപ്പോൾ അധികാരം കൊടുത്തിട്ടില്ല.

ശ്രീ. ഈപ്പൻ അറക്കൽ : മുമ്പു് അധികാരം കൊടുത്തിരുന്നില്ലേ ?

ശ്രീ. കെ. എം. കോര : മുമ്പു കൊടുത്തിരുന്നു.

ശ്രീ. ഈപ്പൻ അറക്കൽ : ഇപ്പോൾ എങ്ങിനെയാണു് ?

ശ്രീ. കെ എം. കോര : ഇപ്പോൾ അങ്ങിനെയല്ല.

ശ്രീ. ഈപ്പൻ അറക്കൽ: ഫിഷറി സൂപ്രണ്ടിനു് നൂൽ വിതരണംചെയ്യുന്നതിനു കൊടുത്തിരുന്ന അധികാരം മാറ്റുന്നതിനു വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ?

ശ്രീ. കെ. എം. കോര: ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന മാർഗം കൂടുതൽ നല്ലതാണെന്നു തോന്നിയതുകൊണ്ടാണു് ഇങ്ങിനെ ചെയ്തിട്ടുള്ളതു്.

ശ്രീ. ഈപ്പൻ അറക്കൽ: ഫിഷറി സൂപ്രണ്ടിനു് മൽസ്യ വ്യവസായികളുടെ ആവശ്യങ്ങളെ സംബന്ധിച്ചു് കൂടുതൽ അറിയുവാൻ എളുപ്പമുള്ളതുകൊണ്ടു് മൽസ്യവ്യവസായികൾക്കുള്ള നൂൽ വിതരണം ഫിഷറി ഡിപ്പാർട്ടുമെണ്ടു വഴിതന്നെ നടത്തുന്നതല്ലേ നല്ലതു്?

Mr. Speaker : The question is disallowed.

നൂൽ വിലനിരക്കു്

*ഫാദർ (ഡോ) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സു്: ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി അടിയിൽ കുറിക്കുന്ന ചോദ്യങ്ങൾക്കു് സദയം മറുപടി നൽകുമോ.—

(എ) നൂൽ നിയന്ത്രണഉത്തരവിനു വിപരീതമായി മൊത്തവ്യാപാരികൾക്കു് കൂടുതൽ ലാഭവും ചില്ലറവ്യാപാരികൾക്കു് നഷ്ടവും ഉണ്ടാകത്തക്കവണ്ണം അധികതർ വില ക്രിപ്തപ്പെടുത്തിയിട്ടുണ്ടോ?

(ബി) എക്സ്മിൽവിലയും ചില്ലറ വിലയും തമ്മിലുള്ള വ്യത്യാസത്തിൽ എത്ര ശതമാനം വീതമാണു് മൊത്തവ്യാപാരികളും ചില്ലറവ്യാപാരികളും നിശ്ചയിച്ചിരിക്കുന്നതു്?

ധനകാര്യവും ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly